# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 306** — **05-08-2021 - ൽ മറുപടിയ്ക്ക്**

## ഖാദി കൈത്തറി മേഖലയുടെ പുനരുജ്ജീവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തകർച്ചയിലായിരുന്ന ഖാദി കൈത്തറി വ്യവസായം കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | തകർച്ചയിലായിരുന്ന ഖാദി കൈത്തറി വ്യവസായം കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നെയ്ത്തുകാർക്കെല്ലാം ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസ വേതനം ഉറപ്പാക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്ന് എന്ന് അറിയിക്കുമോ; | (ബി) | ഖാദി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി നെയ്ത്തുകാർക്ക് ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസവേതനം ഉറപ്പാക്കുന്നതിനും ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്‌ലെറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് നടപ്പാക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേക്ക് കടന്നു വരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ, ഇവയ്ക്ക് ആവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് |

| | | | |
|---|---|---|---|
| | | | ഗോഡൌൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' നടപ്പിലാക്കി വരികയും ചെയ്തു. കൈത്തറി- കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തു തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ ചലിച്ചിരുന്നുള്ളൂ. മാത്രമല്ല നൂറോ നൂറ്റിയൻപതോ രൂപ കൂലിയിൽ വർഷത്തിൽ 100 ദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞ് പോയികൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയതു മൂലം നെയ്ത്തു തൊഴിലാളികൾക്ക് വർഷത്തിൽ 250 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുകയും, ദിവസവും 600 രൂപയിലധികം വേതനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ ഏകദേശം 196.89 കോടി രൂപ നെയ്ത്തു കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. യൂണിഫോം പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ അധികം നെയ്ത്തു തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തു ജോലികൾ പഠിച്ച് പുതിയതായി കൂടുതൽ ആളുകൾ ഈ പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി വർദ്ധനവ് യൂണിഫോം പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിനാവശ്യമായ നൂൽ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നുമാണ് കേന്ദ്ര സർക്കാർ സ്ഥാപനമായ NHDC മുഖേന വാങ്ങുന്നത്. ഈ പദ്ധതി കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾക്ക് വലിയ ആശ്വാസമാണ് പ്രദാനം ചെയ്യുന്നത്. ഈ പദ്ധതി മൂലം കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും, അധിക വേതനം ലഭിക്കുന്നതു മൂലം കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനം ആണ് ഉണ്ടായിട്ടുള്ളത്. |
| (സി) | കോവിഡ് മൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ | (സി) | ഖാദി കോവിഡ് മൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ |

| | |
|---|---|
| ദുരിതത്തിലായത് കണക്കിലെടുത്ത് ഈ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ? | ദുരിതത്തിലായത് കണക്കിലെടുത്ത് ദുസ്ഥിതിയിലായ ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഖാദി ബോർഡ് പലവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഒന്നാം വ്യാപന കാലഘട്ടത്തിൽ നിന്ന് രക്ഷപ്പെട്ടു വന്ന ഖാദി സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനായി 50 ലക്ഷം രൂപ കോവിഡ് സഹായം ആയി നൽകി. കോവിഡ് 19 ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ ഓണത്തിന് ബോർഡിന്റെ തൊഴിലാളികൾക്ക് 250/- രൂപ വീതം കോവിഡ് അലവൻസും, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 1000/-രൂപ വീതം ഖാദി തൊഴിലാളികൾക്ക് നൽകി. കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000/- രൂപ സഹായം നൽകി. ബോർഡ് എല്ലാ ഖാദി തൊഴിലാളികൾക്കും 1000രൂപ വീതം ധനസഹായം നല്കി. കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്നതു കൊണ്ട് ലഭ്യമായ ഖാദി തുണികൾ ഉപയോഗിച്ച് സർക്കാരിനും മറ്റു സ്ഥാപനങ്ങൾക്കും കുറഞ്ഞ വിലയിൽ മാസ്കുകൾ തയ്ച്ചു നൽകി. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലെ തൊഴിലാളികൾക്ക് മുടക്കം കൂടാതെ കൂലി നൽകുന്നതിനും സാധിച്ചു. കൈത്തറി- കോവിഡ് 19 മഹാമാരി മൂലം കൈത്തറി മേഖലയിൽ നൂലിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ വീണ്ടും പുനരാരാംഭിച്ചു. കുടിശ്ശിക കൂലി നൽകുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി അധികം റിബേറ്റ് ദിനങ്ങൾ അനുവദിച്ചു നൽകുകയും ചെയ്തു. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡ് വഴി ധനസഹായം വിതരണം നടത്തി. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 74.35 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിലൂടെ കൈത്തറി/ സ്പിന്നിംഗ് മേഖലയ്ക്ക് സഹായങ്ങൾ നൽകുയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിരുന്നു. അതോടൊപ്പം കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക്ക് ഡൌൺ കാരണവും മറ്റു കാരണങ്ങളാലും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം മന്ദ ഗതിലായിട്ടുണ്ട്. ഈ വർഷവും നിലവിൽ സർക്കാർ പ്രഖ്യാപിച്ച 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ